## പതിനാലാം കേരള നിയമസഭ

### നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം **നമ്പർ :1389** **02.03.2017** ൽ മറുപടിയ്ക്ക്

## രാജമാണിക്യം കമ്മീഷൻ റിപ്പോർട്ട്

**ചോദ്യം**

**ശ്രീ.കെ.എം.ഷാജി**

**മറുപടി**

**ശ്രീ.ഇ. ചന്ദ്രശേഖരൻ**

(റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി)

| | | |
|---|---|---|
| (എ) | ബ്രിട്ടീഷ് കമ്പനികളുടെ തോട്ടങ്ങൾ സ്വാതന്ത്ര്യാനന്തരം അനധികൃതമായി കൈവശപ്പെടുത്തിയ പുതിയ കമ്പനികളുടെയും, ബന്ധപ്പെട്ട തോട്ടങ്ങളുടെയും വിവരങ്ങൾ ശേഖരിക്കാൻ നിയോഗിച്ചിരുന്ന ഐ.എ.എസ് ഉദ്യോഗസ്ഥൻ രാജമാണിക്യം റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ അതിന്റെ പകർപ്പ് ലഭ്യമാക്കുമോ; | (എ) വിവിധ കമ്പനികളും വ്യക്തികളും അനധികൃതമായി കൈവശം വയ്ക്കുന്ന സർക്കാർ ഭൂമി കണ്ടെത്തി തിരിച്ചെടുക്കുന്നതിന് നിയോഗിച്ച സ്റ്റേറ്റ് സ്പെഷ്യൽ ഓഫീസർ & കളക്ടർ ശ്രീ. രാജമാണിക്യം ഐ.എ.എസ് 4.6.2016, 24.9.2016 തീയതികളിൽ രണ്ടു റിപ്പോർട്ടുകൾ സർക്കാരിൽ സമർപ്പിച്ചിട്ടുണ്ട്. അവയുടെ പകർപ്പുകൾ അനുബന്ധമായി ചേർക്കുന്നു. |
| (ബി) | എരുമേലിക്കടുത്ത ചെറുവള്ളി എസ്റ്റേറ്റിന്റെ ഉടമസ്ഥാവകാശം ഏതെങ്കിലും ബ്രിട്ടീഷ് കമ്പനിയുടെ കൈവശത്തിലായിരുന്നോ എന്നും എങ്കിൽ സ്വാതന്ത്ര്യാനന്തരം അതിന്റെ കൈവശക്കാർ ആരായിരുന്നു എന്നും ഇപ്പോൾ ആരുടെ കൈവശമാണെന്നും ഈ കൈമാറ്റങ്ങൾ നിയമാനുസൃതമായിരുന്നോ എന്നുമുള്ള കാര്യങ്ങൾ വ്യക്തമാക്കുമോ; | സെറ്റിൽമെന്റ് രജിസ്റ്റർ പ്രകാരം നിലവിലെ ചെറുവള്ളി എസ്റ്റേറ്റ് സർക്കാർ ഭൂമിയാണ്. പ്രസ്തുത ഭൂമി സർക്കാരിലേയ്ക്ക് ഏറ്റെടുക്കുന്നതിന് സർക്കാർ നിയോഗിച്ച സ്പെഷ്യൽ ഓഫീസർ 28/5/2015-ൽ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ടി ഉത്തരവിലെ കണ്ടെത്തലുകൾ ബഹു.ഹൈക്കോടതി അംഗീകരിച്ചിട്ടുണ്ട്. ടി കമ്പനികൾ മുമ്പ് നേടിയ കോടതി ഉത്തരവുകളിൽ തീരുമാനമെടുക്കുന്നതിനായി കേസുകൾ നിലവിൽ ഡിവിഷൻ ബഞ്ചിന്റെ പരിഗണനയിലാണ്. സ്പെഷ്യൽ ഓഫീസറുടെ ഉത്തരവുകളുടെ തൽസ്ഥിതി തുടരാൻ ബഹു. ഹൈക്കോടതി നിർദ്ദേശിച്ചിട്ടുണ്ട്.<br>2264 ഏക്കർ വരുന്ന ചെറുവള്ളി എസ്റ്റേറ്റ് സ്വാതന്ത്ര്യത്തിനു മുമ്പ് ഇംഗ്ലീഷ് കമ്പനികൾ പാട്ടമായി കൈവശം വച്ചിരുന്നതായി കാണുന്നു. പ്രസ്തുത ഭൂമി 1923-ലെ1600/1923-ാം നമ്പർ കരാർ ഉടമ്പടി പ്രകാരം. മലയാളം റബ്ബർ & പ്രൊഡ്യൂസ് കമ്പനി (യു.കെ) ലിമിറ്റഡ് മറ്റൊരു ബ്രിട്ടീഷ് കമ്പനിയായ മലയാളം പ്ലാന്റേഷൻസ് (യു.കെ) ലിമിറ്റഡിന് കൈമാറി. ടി രണ്ട് കമ്പനികളും ബ്രിട്ടീഷ് കമ്പനി ആക്ട് പ്രകാരം ആ രാജ്യത്തെ ഒരേ ഓഫീസ് മേൽവിലാസത്തിൽ പ്രവർത്തിച്ചിരുന്നതായി ടി കരാർ ഉടമ്പടിയിൽ കാണുന്നു. 1923-ലെ ഇംഗ്ലീഷ് കമ്പനികളുടെ കരാർ ഉടമ്പടിയിൽ ആകെ 25625 ഏക്കർ ഭൂമി ഉൾപ്പെടുന്നു. ടി കരാറിലെ വിൽക്കുന്നയാളും, വാങ്ങുന്നയാളും, |

| | | |
|---|---|---|
| | | സാക്ഷികളും എല്ലാം തന്നെ ജോൺമാക്കിയായിരുന്നു. 1947-ൽ ഇന്ത്യ സ്വാതന്ത്ര്യം നേടിയെങ്കിലും, ഇന്ത്യൻ ഇൻഡിപെൻഡൻസ് ആക്ട് 1947, FERA 1947 എന്നിവയിലെ വിലക്കുകൾ ലംഘിച്ച് കൊണ്ട് ഇന്ത്യൻ ഏജന്റുമാരെ ഉപയോഗിച്ച് ടി വിദേശ കമ്പനികൾ (മറ്റ് വിദേശ കമ്പനികൾ ചെയ്തതുപോലെ) ഇംഗ്ലണ്ടിൽ തുടർന്ന് കൊണ്ട് ടി തോട്ടങ്ങൾ നിയന്ത്രിച്ചിരുന്നതായി മനസ്സിലാക്കുന്നു. 1952, 1957, 1973 എന്നീ വർഷങ്ങളിൽ വിദേശ കമ്പനികൾക്കും, പൗരൻമാർക്കുമെതിരായി ശക്തമായ വിലക്കുകൾ ഏർപ്പെടുത്തികൊണ്ട് FERAയിൽ ഭേദഗതികൾ വരുത്തിയിരുന്നു. ഇന്ത്യയിൽ ഭൂമി കൈവശം വയ്ക്കുന്നതിനും, കൈമാറ്റം ചെയ്യുന്നതിനും കേന്ദ്ര സർക്കാരിന്റെയോ റിസർവ്വ് ബാങ്കിന്റെയോ അനുമതി ആവശ്യമായിരുന്നു.<br>ഈ സാഹചര്യത്തിൽ ഹാരിസൺസ് മലയാളം ലിമിറ്റഡ്, 1923-ലെ വിദേശ കമ്പനികൾ തമ്മിലുണ്ടാക്കിയ കരാർ ഉടമ്പടിയിൽ ഉൾപ്പെട്ടതും ഭരണഘടനയുടെ ആർട്ടിക്കിൾ 296 പ്രകാരം സംസ്ഥാന സർക്കാരിൽ നിക്ഷിപ്തമായതുമായ ആയിരക്കണക്കിനേക്കർ ഭൂമി 1984 മുതൽ വിൽപ്പന നടത്തി വന്ന കൂട്ടത്തിൽ 2005 ൽ എരുമേലിക്കടുത്തുള്ള 2264 ഏക്കർ വരുന്ന ചെറുവള്ളി എസ്റ്റേറ്റ് അനധികൃതമായി ഗോസ്പ്പൽ ഫോർ ഏഷ്യക്ക് വിൽപ്പന നടത്തി. ഈ ഭൂമി തികച്ചും സർക്കാർ ഭൂമിയാണെന്നതിനുള്ള കാരണം സ്പെഷ്യൽ ഓഫീസറുടെ ഉത്തരവിൽ വ്യക്തമാക്കിയിട്ടുണ്ട്. ആയത് കോടതി അംഗീകരിച്ചിട്ടുണ്ട്. അന്തിമ ഉത്തരവ് നിലവിൽ വന്നിട്ടില്ല. |
| (സി) | സ്വാതന്ത്ര്യത്തിനുമുമ്പ് വിദേശ കമ്പനികളുടെ കൈവശമിരുന്നതും സ്വാതന്ത്ര്യാനന്തരം ഇന്ത്യ ഇൻഡിപെൻഡൻസ് ആക്ടിലെ വ്യവസ്ഥപ്രകാരം സംസ്ഥാനത്തിന് അവകാശപ്പെട്ടതുമായ തോട്ടങ്ങളുടെയും വസ്തുവകകളുടെയും വിവരങ്ങൾ ശേഖരിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത രേഖകൾ എവിടെ ലഭ്യമാണെന്ന് വ്യക്തമാക്കുമോ? | (സി) ശേഖരിച്ച് വരുന്നു. സ്പെഷ്യൽ ഓഫീസർ ആവശ്യപ്പെട്ട പ്രകാരമുള്ള റിപ്പോർട്ട് എല്ലാ ജില്ലകളിൽ നിന്നും പൂർണ്ണമായി ലഭിച്ചിട്ടില്ല. എന്നാൽ ഭാഗികമായി ലഭിച്ച റിപ്പോർട്ടിന്മേൽ ഭൂസംരക്ഷണ നിയമപ്രകാരമുള്ള നടപടികൾ തുടർന്നു വരുന്നു. |

സെക്ഷൻ ഓഫീസർ